# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 53 | 26.02.2018 ൽ മറുപടിക്ക്

**സെക്രട്ടറിയേറ്റിനുമുൻപിൽ അനിശ്ചിതകാല സത്യാഗ്രഹം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സെക്രട്ടറിയേറ്റിനു മുൻപിൽ ഇപ്പോൾ ഏതെല്ലാം സംഘടനകളും, വ്യക്തികളും അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്നുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇവർ ആരെല്ലാമാണെന്ന വിശദവിവരം നൽകുമോ;<br>(ബി) ഇങ്ങനെ സത്യാഗ്രഹം നടത്തുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിച്ച്, സത്യാഗ്രഹം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (എ) (ബി) & (സി) പരിശോധിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. സംഘടനകൾ, വ്യക്തികൾ എന്നിവർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരങ്ങൾ നടത്തുന്നത്. ഇതിൽ പല സമരങ്ങളും നിയമപരമായി പരിശോധന വേണ്ടതും മറ്റു പലതും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടും വീണ്ടും തുടരുന്നതുമാണ്. നിയമപരമായും, ഭരണപരമായും സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| സമരം ചെയ്യുന്ന ആൾ/സംഘടന | ഏത് രീതിയിലുള്ള സമരം | എന്ത് ആവശ്യത്തിന് നടത്തുന്നു | എത്ര കാലമായി നടത്തുന്നു | സമരം അവസാനിപ്പിക്കുന്നതിന്എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ |
|---|---|---|---|---|
| സുഗതനും 42 കുടുംബങ്ങളും ചെങ്ങറ സമര സമിതി | താത്കാലിക ഷെഡ് നിർമ്മിച്ച് സമരം ചെയ്യുന്നു | ചെങ്ങറ ഭൂരഹിതർക്ക് ഭൂമി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്. | 5 വർഷവും 180 ദിവസവും | തെന്നൂർ വില്ലേജിൽ ദൈവപ്പുര എന്ന സ്ഥലത്ത് 25 സെന്റ് വീതം 14 പേർക്ക് 3.5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. |
| ആദിവാസി ദളിത് മുന്നേറ്റ സമര സമിതി | താത്കാലിക ഷെഡ് നിർമ്മിച്ച് സമരം ചെയ്യുന്നു | 350 കുടുംബങ്ങൾക്ക് കൃഷി ഭൂമി ആവശ്യപ്പെട്ടുകൊണ്ട് | 374 ദിവസം | നടപടി സ്വീകരിച്ചിട്ടില്ല |
| സുരേഷും ഭാര്യ രമ്യയും | താത്കാലിക ഷെഡ് നിർമ്മിച്ച് സമരം ചെയ്യുന്നു | ചികിത്സാ പിഴവ് മൂലം മകൾ മരണപ്പെട്ടതിൽ ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാത്തതിന് | 425 ദിവസമായി താത്കാലികമായി നിർത്തിയിരിയ്ക്കുന്നു | ആരോഗ്യ വകുപ്പ് വകുപ്പതല അന്വേഷണം നടത്തി വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ശകുന്തള | താത്കാലിക ഷെഡ് നിർമ്മിച്ച് സമരം ചെയ്യുന്നു | ഗവൺമെന്റ് സംരക്ഷണയിൽ കഴിയുന്ന മകളെ തിരിച്ച് ലഭിയ്ക്കണമെന്നും ഭർത്താവിന്റെ മരണത്തെക്കുറിച്ചും അന്വേഷണം | മൂന്നര വർഷമായി | ശകുന്തളയുടെ മകൾ നിലവിൽ ശ്രീചിത്രാ പുവർ ഹോമിൽ താമസിച്ച് |

| | | | | |
|---|---|---|---|---|
| | | നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് | | തിരുവനന്തപുരം ആര്യ സെന്റർ സ്കൂളിൽ 6-ാം ക്ലാസ്സിൽ പഠനം നടത്തി വരുന്നു. ഭർത്താവിന്റെ വാഹനാപകടത്താലുള്ള മരണത്തെക്കുറിച്ച് തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ അന്വേഷണം നടത്തിയിട്ടുണ്ട്. |
| ഫ്രാൻസിസ് | ഒറ്റയാൾ സമരം | ഭൂമിയും വീടും ആവശ്യപ്പെട്ടു കൊണ്ട്. | ഏകദേശം മൂന്ന് വർഷത്തോളമായി | നടപടി സ്വീകരിച്ചിട്ടില്ല |
| ജലാലുദ്ദീൻ റാവുത്തർ | താത്കാലിക ഷെഡ് നിർമ്മിച്ച് സമരം ചെയ്യുന്നു | ജോലി നൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് | ഏകദേശം 9 മാസത്തോളമായി | നടപടി സ്വീകരിച്ചിട്ടില്ല |
| ശശി കൊല്ലം | ഒറ്റയാൾ സമരം | അപകട ഇൻഷ്വറൻസ് ക്ലെയിം ആവശ്യപ്പെട്ടുകൊണ്ട് | 38 ദിവസം | നടപടി സ്വീകരിച്ചിട്ടില്ല |
| ശിവദാസൻ | ഒറ്റയാൾ സമരം | നഷ്ടപ്പെട്ട ഭൂമി സർക്കാർ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് | ഏകദേശം രണ്ട് വർഷത്തോളമായി | നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| സേതു, കിളിമാനൂർ | ഒറ്റയാൾ സമരം | റവന്യൂ അധികാരികൾ എ.കെ.ആർ ക്വാറിക്കെതിരെ നടപടി സ്വീകരിക്കാത്തിൽ പ്രതിഷേധിച്ച് | 335 ദിവസമായി | ജില്ലാ കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ |

| | | | | |
|---|---|---|---|---|
| | | | | ആവശ്യപ്പെട്ടിട്ടുണ്ട്. |
| ശ്രീജിത് | ഒറ്റയാൾ സമരം | സഹോദരൻ ശ്രീജീവിന്റെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് | 832 ദിവസമായി | കേരളാ സർക്കാർ ധനസഹായമായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ശ്രീജീവിന്റെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സി.ബി.ഐ അന്വേഷണം ഉത്തരവായിട്ടുണ്ട്. |
| വിമൽരാജ് | ഒറ്റയാൾ സമരം | ചികിത്സാസഹായം ആവശ്യപ്പെട്ടുകൊണ്ട് | ഏകദേശം രണ്ട് വർഷങ്ങമായി | നടപടി സ്വീകരിച്ചിട്ടില്ല |
| സുഭദ്ര | സമാധാനപരമായ ഒറ്റയാൻ സമരം | വസ്തുവും വീടും അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് | ഏകദേശം ഒന്നര വർഷത്തോളമായി | നടപടി സ്വീകരിച്ചിട്ടില്ല |
| ശശിധരൻ ഏരമല്ലൂർ, ആലപ്പുഴ | സമാധാനപരമായ ഒറ്റയാൻ സമരം | സാമുദായിക സംഘടനകളിൽ നിന്നുമുള്ള ദ്രോഹം അവസാനിപ്പിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് | 23-01-2018-ാം തീയതി മുതൽ | നടപടി സ്വീകരിച്ചിട്ടില്ല |
| ജോസഫ് പെരേര കടപ്പാക്കട, കൊല്ലം | സമാധാനപരമായ ഒറ്റയാൾ സമരം | വീടും സ്ഥലവും വിൽക്കുവാൻ അനുവദിയ്ക്കുന്നില്ല. | 20-02-2018-ാം തീയതി മുതൽ | നടപടി സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ